"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം -CA No.2684/2007(SLP No.16446/2006)കേസിലെ ബഹു.സുപ്രീം കോടതിയുടെ ഉത്തരവ് പ്രകാരം സീനിയോറിറ്റി പുനർനിർണ്ണയിച്ചതിനെത്തുടർന്ന് തദ്ദേശ സ്വയംഭരണ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നോഷണലായി സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്

സ.ഉ.(സാധാ) നം.144/2023/LSGD തീയതി,തിരുവനന്തപുരം, 18-01-2023

---

പരാമർശം:-

1. 17.07.2008ലെ സ.ഉ (സാധാ) നം.1999/2008/LSGD
2. 06.12.2008 ലെ സ.ഉ (സാധാ) നം.4254/2008/LSGD
3. ബഹു.സുപ്രീം കോടതി മുൻപാകെ ശ്രീ.പ്രേമാനന്ദ് മുതൽ പേർ ഫയൽ ചെയ്ത CA No.2684/2007(SLPNo.16446/2006)കേസിലെ 16.03.2011-ലെ ഉത്തരവ്
4. 09.05.2011ലെ സ.ഉ.(സാധാ) നം.1165/2011/എൽഎസ്‌ജിഡി നം.ഉത്തരവ്
5. 31.01.2012ലെ 19408/എസ്റ്റാ.ബി1/11/സിആർഡി നം. സീനിയോറിറ്റി ലിസ്റ്റ്
6. 12.08.2014-ലെ 20819/ഇആർഎ3/2014/തസ്വഭവ (2) നമ്പർ സർക്കാർ വിജ്ഞാപനം.
7. ഗ്രാമവികസന കമ്മീഷണറുടെ 07.04.2022, 21.06.2022-തീയതികളിലെ 1461/എസ്റ്റാ എ1/2022/സിആർഡി നമ്പർ കത്ത്

**ഉത്തരവ്**

ശ്രീ.പ്രേമാനന്ദ് മുതൽപേർ ബഹു.സുപ്രീം കോടതി മുൻപാകെ ഫയൽ ചെയ്ത CA No.2684/2007(SLP No.16446/2006)കേസിലെ പരാമർശം (3) ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ തസ്തികയിലെ 01.07.1981 മുതൽ 31.03.1998 വരെയുള്ള സീനിയോറിറ്റി പുനഃസ്ഥാപിച്ചുകൊണ്ട് പരാമർശം(5) പ്രകാരം ഗ്രാമവികസന കമ്മീഷണർ നടപടിക്രമം പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഇതിനു മുൻപുതന്നെ ശ്രീ.ബി.പ്രേമാനന്ദ്, ശ്രീ.ടി.ആർ.പ്രവീൺ ദാസ്, ശ്രീ.ടി. തുളസീധരൻ, ശ്രീ. പി. കെ. മോഹനൻ എന്നിവർക്ക് ഡെപ്യൂട്ടി ഡവലപ്മെന്റ് കമ്മീഷണർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി പരാമർശം(4) പ്രകാരം ഉത്തരവായിരുന്നു.

പരാമർശം(5)ലെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ടി ഉദ്യോഗസ്ഥരുടെ തൊട്ടുജൂനിയറായ ശ്രീ. ബി.സജിത്ത് (സീനിയോറിറ്റി നം.573)-നു മുകളിലായി ശ്രീ.ബി.പ്രേമാനന്ദ്, ശ്രീ.ടി.ആർ.പ്രവീൺ ദാസ്, ശ്രീ.ടി.തുളസീധരൻ, ശ്രീ.പി.കെ. മോഹനൻ എന്നിവരെ യഥാക്രമം ക്രമ നം.2(a),2(b),2(c),2(d) ആയി ഉൾപ്പെടുത്തി ഡെപ്യൂട്ടി ഡവലപ്മെന്റ് കമ്മീഷണർ തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിനുള്ള സെലക്ട് ലിസ്റ്റ് ഭേദഗതി വരുത്തിക്കൊണ്ട് പരാമർശം (6) പ്രകാരം ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

സീനിയോറിറ്റി പുനർനിർണ്ണയിച്ചതിനെത്തുടർന്ന്, ടി ഉദ്യോഗസ്ഥരുടെ തൊട്ടുജൂനിയറായ ശ്രീ.ബി.സജിത്ത്-ന് സ്ഥാനക്കയറ്റം ലഭിച്ച തീയതി മുതൽ ഡെപ്യൂട്ടി ഡെവലപ്മെന്റ് കമ്മീഷണർ തസ്തികയിലേക്ക് നോഷണലായി സ്ഥാനക്കയറ്റം അനുവദിക്കണമെന്ന് പരാമർശം (7) പ്രകാരം ഗ്രാമവികസന കമ്മീഷണർ ശിപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.ബി. പ്രേമാനന്ദ്, ശ്രീ. ടി. ആർ.പ്രവീൺ ദാസ്, ശ്രീ.ടി. തുളസീധരൻ, ശ്രീ. പി. കെ. മോഹനൻ എന്നീ ഉദ്യോഗസ്ഥരുടെ യഥാക്രമം തൊട്ട ജൂനിയറായ ശ്രീ. ബി. സജിത്ത്, ശ്രീ. പി. വി. തോമസ് ,ശ്രീ. എ. സുബാഷ് ബാബു, ശ്രീ. എം. അബ്ദുൽ കലാം ആസാദ് എന്നിവർ പരാമർശം (1), പരാമർശം (2) പ്രകാരം ഡെപ്യൂട്ടി ഡവലപ്മെന്റ് കമ്മീഷണർ തസ്തികയിലേക്ക്

സ്ഥാനക്കയറ്റം ലഭിച്ച് ചാർജെടുത്ത തീയതി ചുവടെ ചേർക്കും പ്രകാരമാണ്.

| പേര് | ഡെപ്യൂട്ടി ഡെവലപ്മെന്റ് കമ്മീഷണർ തസ്തികയിൽ ചാർജെടുത്ത തീയതി |
|---|---|
| ശ്രീ. ബി. സജിത്ത് | 29.07.2008 |
| ശ്രീ. പി. വി. തോമസ് | 02.08.2008 |
| ശ്രീ. എ. സുബാഷ് ബാബു | 30.07.2008 |
| ശ്രീ.എം. അബ്ദുൽ കലാം ആസാദ് | 29.12.2008 |

ഈ സാഹചര്യത്തിൽ ശ്രീ.ബി.പ്രേമാനന്ദ്, ശ്രീ.ടി.ആർ.പ്രവീൺദാസ്, ശ്രീ.ടി. തുളസീധരൻ , ശ്രീ. പി.കെ.മോഹനൻ എന്നിവർക്ക് തൊട്ടുജൂനിയറായ ഉദ്യോഗസ്ഥർ ചാർജെടുത്ത തീയതിയായ യഥാക്രമം 29.7.2008, 30.7.2008, 2.8.2008, 29.12.2008 പ്രാബല്യത്തിൽ ഡെപ്യൂട്ടി ഡവലപ്മെന്റ് കമ്മീഷണർ തസ്തികയിലേക്ക്, ശമ്പളത്തിന്റെയും മറ്റ് ആനുകൂല്യങ്ങളുടെയും കുടിശ്ശികയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല എന്ന വ്യവസ്ഥയോടെ നോഷണൽ പ്രൊമോഷൻ അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BALUMAHENDRA B
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് , സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം
ഡയറക്ടർ, എൽ എസ് ജി ഡി (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ് , സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം
ശ്രീ. ബി. പ്രേമാനന്ദ്, തിരുവാതിര, കരിച്ചാറ, പള്ളിപ്പുറം പി.ഒ, തിരുവനന്തപുരം
ശ്രീ. ടി. തുളസീധരൻ, മനോജ്ഞം, അഗസ്ത്യക്കോട്, അഞ്ചൽ പി.ഒ
ശ്രീ.ടി.ആർ.പ്രവീൺദാസ്,ശ്രീപാദം,മണക്കാട്ട് റോഡ്, മണക്കാട്ട് ദേവീ ക്ഷേത്രത്തിനു സമീപം, വെസ്റ്റ് ഹിൽ, കോഴിക്കോട്
ശ്രീ.പി.കെ.മോഹനൻ,നികുഞ്ജം, TC4/763/1, ഹൗസ് നം. D-13/1,ബ്രാഹ്മിൺസ് കോളനി, കവടിയാർ പി.ഒ ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ